ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും, പുറമേ ഒരു ജില്ലയിലും ഏതെങ്കിലും ഒരു താലൂക്കാസ്ഥാനത്തിൽ ഒന്ന് എന്ന ക്രമത്തിലും.

(സി) കോർപ്പറേഷന്റെ ശുപാർശപ്രകാരം കേരള ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ മുൻപിൽ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

(ഡി) പരിഗണിക്കാവുന്നതാണ്.

(ഇ) 1.86 ലക്ഷം രൂപ നഷ്ടം.

റീസർവേ

* 676 [733] ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റീസർവേ തുടങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് വർഷത്തിലാണ് തുടങ്ങിയത്;

(സി) റീസർവേക്കുവേണ്ടി 1978 ഡിസംബർ മാസം 31 വരെ ചെലവാക്കിയ സംഖ്യ എത്ര;

(ഡി) 1978 ഡിസംബർ 31 വരെ എത്ര ച.കി.മീ. റീസർവേ ചെയ്തു?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ഉണ്ട്.

(ബി) 1966-ൽ

(സി) 1978 ഡിസംബർ 31-വരെ ചിലവാക്കിയ സംഖ്യ 1956.09 ലക്ഷം രൂപ.

(ഡി) 11548 ച.കി.മീറ്റർ.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

സർവ്വീസിലിരിക്കെ മരണമടയുന്ന പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരുടെ ആശ്രിതർക്ക് സഹായം

1145 [1825] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ഇ. ആറിലെ 14 (ബി) ഓപ്റ്റ് ചെയ്ത 55 വയസ്സിനുശേഷം 60 വയസ്സ് പൂർത്തിയാകുന്നതിനുമുൻപ് സർവ്വീസിലിരിക്കെ മരണമടയുന്ന പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരുടെ ആശ്രിതർക്ക് ഫാമിലി പെൻഷൻ നൽകാൻ ഇപ്പോൾ വ്യവസ്ഥയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly